പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# കോഴിക്കോട് ജില്ലയിലെ ആർ.ഐ.ഡി.എഫ്. പദ്ധതികൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1346

13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നബാർഡിന്റെ വിവിധ ആർ.ഐ. ഡി.എഫ്. സ്കീമുകളിൽപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഈ പ്രവൃത്തികളുടെ പുരോഗതി എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നബാർഡിന്റെ ആർ.ഐ.ഡി.എഫ് സ്കീമുകളിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ പ്രവൃത്തികൾക്കൊന്നും ഭരണാനുമതി ലഭിച്ചിട്ടില്ല. |
| (ബി) | നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമുകളിൽപ്പെടുത്തി കോഴിക്കോട് ജില്ലയിൽ പുതുതായി നടപ്പാക്കാനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും പദ്ധതികളിൽ ഏതിനെല്ലാം അംഗീകാരം ലഭിച്ചുവെന്നും വിശദമാക്കുമോ; | (ബി) | നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നിന്നും തൂവ്വക്കടവ് -ഐ.ടി. ജോർജ്ജ് റോഡ് പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) | നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമുകളിൽ പ്രവൃത്തികൾക്ക് പ്രയോറിറ്റി ലഭിക്കുന്നതിനും അംഗീകാരം/ഭരണാനുമതി ലഭിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ? | (സി) | നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമുകളിൽ പ്രവൃത്തികൾക്ക് പ്രയോറിറ്റി നബാർഡിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി സർക്കാർ തീരുമാനിക്കുകയും, നബാർഡിന്റെ അനുമതി കിട്ടുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി സർക്കാർ നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ